(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി6/189/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 04952371012
തീയതി:15.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒഞ്ചിയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഒഞ്ചിയം ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.6/189/2020 തീയതി:15.02.2020

**കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 25.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.01.2020 മുതൽ 27.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സതീഷ് കുമാർ<br>ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീ.ശ്യാംജിത്ത്.എം<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ദിശ.ആർ.കെ<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷിബിൻ.കെ.എസ്<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. കവിത.പി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. രാജീവൻ.ടി | 01.04.2018 മുതൽ 19.03.2019 വരെ |
| | ശ്രീ. രാജൻ.കെ.എം (ഇൻ ചാർജ്) | 20.03.2019 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി. ശൈലജ.പി.പി | 01.04.2018 മുതൽ 31.01.2019 വരെ |
| | ശ്രീ. രാജൻ.കെ.എം | 01.02.2019 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. സുമിത.കെ.ബി | 01.04.2018 മുതൽ 08.07.2018 വരെ |
| | ശ്രീമതി. സിമി ഭാസ്കർ | 09.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സന്ധ്യ.പി.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശ്രീരാജ് | 01.04.2018 മുതൽ 17.03.2019 വരെ |
| | ഡോ. ജഹാന.ടി | 18.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കെ.എം.ശ്യാംസുന്ദർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രീതി.വി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിനി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രസീത ചക്കാന്തൊടി | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഉണ്ണികൃഷ്ണൻ.എം | 01.04.2018 മുതൽ 25.09.2018 വരെ |
| | ശ്രീ. ശ്രീജിത്ത്.പി | 26.09.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മഹേഷ്.കെ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.ഷിജിത്ത്.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.വേണുഗോപാലൻ.സി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.സന്ധ്യ.പി.കെ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ക്യാഷ് പരിശോധന | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 7 | വാർഷികകണക്കുകളിലെ അപാകതകൾ | 1-7 |
| 8 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ | 1-8 |

| | | |
|---|---|---|
| | അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | |
| 9 | തൊഴിൽ നികുതി-അപാകതകൾ | 1-9 |
| 10 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല | 1-10 |
| 11 | പൊതുമരാമത്ത് പ്രവൃത്തിയിൽ കരാർ വെച്ചതിൽ കാലതാമസം | 1-11 |
| 12 | പ്രവൃത്തി പൂർത്തീകരണം വൈകിയെങ്കിലും കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-12 |
| 13 | പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അനധികൃതമായി ജി.എസ്.ടി കോമ്പൻസേഷൻ നല്കി | 1-13 |
| 14 | തെരുവ് വിളക്കുകൾക്ക് സ്ഥാപിക്കൽ . അപാകതകൾ | 1-14 |
| 15 | പ്രോജക്ടുകൾ നടപ്പായില്ല – പദ്ധതിപ്പണം പാഴായി | 1-15 |
| 16 | പരിധിയിൽ കവിഞ്ഞ് വക്കീൽ ഫീസ് നൽകുന്നതിന് അനുമതി വാങ്ങിയില്ല | 1-16 |
| 17 | ലാപ്പ്ടോപ്പ് വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-17 |
| 18 | തെരുവ് വിളക്കുകൾക്ക് മീറ്റർസ്ഥാപിക്കൽ. അപാകതകൾ | 1-18 |
| 19 | അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം | 1-19 |
| 20 | ശുചിത്വമാലിന്യസംസ്കരണം -പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 1-20 |
| | **ഭാഗം 2**<br>**വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |

| | | |
|---|---|---|
| | **ഭാഗം 3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 21 | പൊതുമരാമത്ത് പ്രവൃത്തിയിൽ കരാർ വെച്ചതിൽ കാലതാമസം | 3-1 |
| 22 | പ്രവൃത്തി പൂർത്തീകരണം വൈകിയെങ്കിലും കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 3-2 |
| | **ഭാഗം 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 23 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 31 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018 ലെ 78/2018 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20.02.2019 ലെ 22/2019 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 04.07.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2074179 |
| വരവ് | 67981046 |
| ആകെ | 70055225 |
| ചെലവ് | 45613096 |
| നീക്കിയിരിപ്പ് | 24442129 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 14109000 | 14109000 | 12209143 | 1899857 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 1000000 | 1000000 | 367858 | 632142 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5134000 | 5134000 | 4221535 | 912465 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2993000 | 2993000 | 1498017 | 1494983 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6549000 | 6549000 | 4590565 | 1958435 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 8033973 | 8033973 | 8033973 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1459 | 8802594 | 8804053 | 8666918 | 137135. |

# 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

# 1-6 ആഭ്യന്തരനിയന്ത്രണം

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ച് നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള

സംവിധാനമുണ്ട്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-7 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 പ്രകാരം വാർഷിക കണക്ക് പരിശോധിച്ചതിൽ, ചുവടെപ്പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. തനത് ഫണ്ടിൽ നിക്ഷേപിച്ച തുകകളുടെ കാര്യത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് B-4 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

## 1-8 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഒരേ കെട്ടിടവും ഒരേ ഉപയോഗക്രമവും ആയിട്ടും വ്യത്യസ്ത നമ്പർ നൽകാൻ തക്കതായ യാതൊരു കാരണവും ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

1)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 50 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 17/252 A | ജയൻ, രജീന്ദ്രൻ<br>കളത്തും താഴ കുനിയിൽ,<br>കണ്ണൂക്കര | $35\ m^2$<br>വാണിജ്യം | 2100 + 105 (5% LC) = 2205 |
| 17/252 B | | $11.1\ m^2$<br>വാണിജ്യം | 666 + 34 (5% LC)= 700 |
| 17/252 C | | $11.1\ m^2$<br>വാണിജ്യം | 666 + 34 (5% LC) = 700 |
| 17/252 D | | $11.1\ m^2$<br>വാണിജ്യം | 666 + 34 (5% LC) = 700 |
| 17/252 E | | $11.1\ m^2$<br>വാണിജ്യം | 666 + 34 (5% LC) = 700 |
| 17/252 F | | $11.1\ m^2$<br>വാണിജ്യം | 666 + 34 (5% LC) = 700 |
| 17/252 G | | $12\ m^2$<br>വാണിജ്യം | 720 + 36 (5% LC) = 756 |
| 17/252 H | | $12\ m^2$<br>വാണിജ്യം | 720 + 36 (5% LC) = 756 |
| 17/252 I | | $12\ m^2$<br>വാണിജ്യം | 720 + 36 (5% LC) = 756 |

| | | | |
|---|---|---|---|
| 17/252 J | | 12 $m^2$ വാണിജ്യം | 720 + 36 (5% LC) = 756 |
| | ആകെ | 138.5 $m^2$ | 8310 + 419 (5% LC) = 8729 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 138.5 ച.മീ

138.5 x 60 = 8310+ (20% വഴിസൗകര്യം വർദ്ധനവ്)

= 9972 + 499 (5% LC) = 10471

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 10471

ഈടാക്കിയ നികുതി - 8729

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 1742

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 50 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 15/121 A | രാജൻ.പി.കെ, പുതിയോട്ടുംതാഴകുനി, കണ്ണൂക്കര | 15.66 $m^2$ വാണിജ്യം | 862 + 44 (5% LC) = 906 |
| 15/121 B | | 15.66 $m^2$ വാണിജ്യം | 862 + 44 (5% LC) = 906 |
| 15/121 C | | 15.66 $m^2$ വാണിജ്യം | 862 + 44 (5% LC) = 906 |

| | | | |
|---|---|---|---|
| 15/121 D | | 15.66 $m^2$ വാണിജ്യം | 862 + 44 (5% LC) = 906 |
| 15/121 E | | 15.66 $m^2$ വാണിജ്യം | 862 + 44 (5% LC) = 906 |
| 15/121 F | | 15.66 $m^2$ വാണിജ്യം | 862 + 44 (5% LC) = 906 |
| 15/121 G | | 15.66 $m^2$ വാണിജ്യം | 862 + 44 (5% LC) = 906 |
| | ആകെ | 109.62 $m^2$ | 6034 + 308 (5% LC) = 6342 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 109.62 ച.മീ

109.62 x 60 = 6577.2 – (10% മേഖല ഇളവ്) + (20% വഴിസൗകര്യം വർദ്ധനവ്) = 7235+362 (5% LC) = 7597

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 7597

ഈടാക്കിയ നികുതി - 6342

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 1255

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-9 തൊഴിൽ നികുതി-അപാകതകൾ

i)തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ്/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 8/472,473 | ആർ.കെ.ഗാർമെന്റ്സ് | 5 |
| 2 | 12/ 15 | ബ്രദേഴ്സ് ഐസ് പ്ലാന്റ് | 4 |
| 3 | 5/406 | ഹൈടക് ഫർണിച്ചർ | 2 |
| 4 | 15/249 | മോർ ട്രാവൽ സൊലൂഷ്യൻസ് | 2 |
| 5 | 7/705,706,707 | കെ.കെ.ട്രേഡേഴ്സ് | 3 |
| 6 | 14/142 | മെട്രോ ഇൻഡസ്ട്രീസ് | 2 |
| 7 | 6/287 | കോമത്ത് ഫർണിച്ചർ | 3 |
| 8 | 15/16 | സി.എസ് ഫർണിച്ചർ | 2 |
| 9 | 12/9,10,14 | ടോപ് ഫോം | 3 |
| 10 | 10/847 | കാസിനോ ബേക്കറി | 4 |
| 11 | 16/46 | ഏ.ആർ.ക്രിയേഷൻസ് | 5 |
| 12 | 5/393 | അശോക ഫർണിച്ചർ | 2 |

| | | | |
|---|---|---|---|
| 13 | 7/558,559 | അലുമിനിയം സെന്റർ | 3 |
| 14 | 7/393 | കൈരളി വുഡ് ഇൻഡസ്ട്രീസ് | 2 |
| 15 | 10/498 എ | ഗ്ലോബൽ വീൽകെയർ | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1840 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2018-19 വർഷത്തിൽ ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 76 ആണ്. അതായത് 1764 കെട്ടിടങ്ങൾ നിലവിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കാവുന്നവയാണ്. ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 704 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 838 ആണ്. അതായത് അവശേഷിക്കുന്ന 926 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച്

ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.
3. ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.
4. മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-10 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തീയതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 704 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 585 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1840 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 704 പേർ മാത്രമാണ് ഡി&ഒ ലൈസൻസ്

എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുവാനുള്ള സാധ്യതകൾ ഉണ്ട്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 പൊതുമരാമത്ത് പ്രവൃത്തിയിൽ കരാർ വെച്ചതിൽ കാലതാമസം

2018-19 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. രണ്ട് പ്രവൃത്തികളിലും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് (ULCC) കരാറുകാർ.

| | |
|---|---|
| (i) പ്രോജക്ട് നമ്പർ | 98/19 |
| പ്രോജക്ട് | എം.പി റോഡ് മുതൽ ചെറുവറ്റത്ത്കണ്ടി താഴ വരെ ടാറിങ്. |
| ചെലവഴിച്ച തുക | 60000 രു |
| ട്രഷറി ബിൽ നമ്പർ,തിയ്യതി | CB 13/18-19 തിയ്യതി 29.9.18 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ടി.എസ് നമ്പർ ,തിയ്യതി | 69357/2018-19 , 12.7.2018 |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | നമ്പർ ഇല്ല , തിയ്യതി 16.02.2019 |
| പി.എ.സി തുക | 298297 രു |
| എം.ബുക്ക് നമ്പർ | 26/19-20 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 15.06.2019 |
| (ii) പ്രോജക്ട് നമ്പർ | 109/19 |
| പ്രോജക്ട് | പി.പി.ന്റവിട ഫുട്പാത്ത് മെയിന്റനൻസ് |
| ചെലവഴിച്ച തുക | 2018-19 വർഷത്തിൽ ചെലവില്ല |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ടി.എസ് നമ്പർ , തീയതി | 64932/18-19 , തീയതി 5.7.18 |
| എഗ്രിമെന്റ് നമ്പർ, തീയതി | 41/18-19 തിയ്യതി 16.2.19 |

| | |
|---|---|
| പി.എ.സി തുക | 297248 രൂ |

എഗ്രിമെന്റ് വെക്കാൻ വൈകിയതിനാൽ മേൽ പ്രവൃത്തികൾ 2018-19 വർഷത്തിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. വളരെ നേരത്തെ ടി.എസ് ലഭിച്ചിട്ടും പ്രവൃത്തി കരാർ വെച്ച് ഏല്പിക്കാതിരുന്നത് വിശദീകരിക്കേണ്ടതാണ്. രണ്ട് പ്രവൃത്തികളിലും കരാർ വെക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഏജൻസിയായ യു.എൽ.സി.സിക്ക് കത്ത് നല്കിയതായി കാണുന്നില്ല. 1.2.201 തീയതിയിലെ ജി.ഒ.(പി)13/2012/ പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് അയക്കേണ്ടതുണ്ട്. ഈ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ ശേഷം 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ നിർദ്ദേശിക്കണം.14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1 % പിഴ ഈടാക്കിയാണ് കരാർ വെക്കേണ്ടത്. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും

കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. തുടർന്ന് ഇതേ സെക്ഷനിൽ പറയുന്ന മറ്റു നടപടി ക്രമങ്ങളും പാലിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരം നടപടി ക്രമങ്ങളൊന്നും പാലിക്കാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ തന്നെ പ്രവൃത്തി ഏല്പിച്ചതായാണ് കാണുന്നത്. കരാറിൽ ഏർപ്പെടുവാനുള്ള നിയമപരമായ ബാധ്യതയും സമയപരിധിയും അറിയിച്ചുകൊണ്ട് കരാറുകാർക്ക് കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നത് പഞ്ചായത്തിലെ എഞ്ചിനീയറിങ് വിഭാഗത്തിനുണ്ടായ വീഴ്ചയാണ്. അപാകത വിശദീകരിക്കേണ്ടതാണ്.

കരാർ വെക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന് കരാറുകാരിൽ നിന്നും ഈടാക്കേണ്ടതായ പിഴ 5955 രൂ (പ്രവൃത്തിയുടെ ക്രമനമ്പർ (i) ൽ 2983 രൂപ, ക്രമനമ്പർ (ii) ൽ 2972 രൂ ) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# 1-12 പ്രവൃത്തി പൂർത്തീകരണം വൈകിയെങ്കിലും കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

(I)

2018-19 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട് | ചെലവഴിച്ച തുക | ടി.എസ് നമ്പർ, | എസ്റ്റിമേറ്റ് നമ്പർ, പി.എ.സി | എഗ്രിമെന്റ് നമ്പർ , | എം.ബുക്ക് നമ്പർ , | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | (രൂ), ട്രഷറി ബിൽ നമ്പർ, തിയ്യതി | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീ കരണ കാലാവധി | തുക (രൂ) | തീയതി | എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീ കരിച്ച തിയ്യതി, പൂർത്തീ കരിച്ച പ്രവൃത്തി മൂല്യം (രൂ) | |
| 1. | 142/19 , വട്ടപ്പറമ്പത്ത് മുക്ക് മുതൽ ചോനോർകണ്ടി മുക്ക് റോഡ് ടാറിങ്. | 280000 രൂ , CB 45/18-19 , തിയ്യതി 25.3.19. | 101911/17-18, 3 മാസം. | 2018/5009, 279694 രൂ | നമ്പർ ഇല്ല , 20.03.2018 | 103/17-18 , 22.02.2019 , 280000 രൂ | പി.എ.സി തുകയുടെ3 ശതമാനം , 8391 രൂ |
| 2. | 133/19, മാളിയേക്കൽ കോളനി ഫുട്പാത്ത്. | 248533 രൂ, CB55/18-19, തീയതി 22.03.19 | 22813/17-18, 9 മാസം | 2017/73426, 362399 രൂ | 7/17-18, 21.07.2017 | 127/17-18, 23.03.2019, 320983 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 10872 രൂ |
| 3. | 129/19, മീത്തലെ മുക്കാളി- കെ.പി.ആർ റോഡ് പാച്ച് വർക്ക് | 204732 രൂ, CB16/18-19, തീയതി 27.11.18, തുക 188186 രൂ. CB32/18-19, തീയതി 12.02.19, തുക 16546 രൂ | 30933/17-18, 6 മാസം | 2017/89387, 371722 രൂ | 11/17-18, 23.08.17 | 86/17-18, 3.11.2018, 217522.16 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 11152 രൂ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 4. | 131/19, മടപ്പള്ളി ഹൈസ്കൂൾ - പുളിയേരിന്റെ വിട ലക്ഷംവീട് ആശാരിക്കണ്ടി റോഡ് ടാറിങ് | 221267 രൂ, CB31/18-19, 15.01.2019 | 24759/17-18, 6 മാസം | 2017/75664, 266812 രൂ | 5/17-18, 21.7.2017 | 119/17-18, 29.12.18, 221267 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 8004 രൂ |
| 5. | 130/19, തിരുവാതിരകുനി റോഡ് ടാറിങ് | 20196 രൂ, CB19/18-19, 15.1.2019 | 22785/17-18, 6 മാസം | 2017/87922, 277771 രൂ | 4/16-17, 21.7.17 | 85/17-18, 19.9.2018, 280000 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 8333 രൂ |
| 6. | 132/19, ഡിസ്പെൻസറി റോഡ് ബാക്കിഭാഗം ടാറിങ് | 1628രൂ, CB33/18-19, 12.2.2019 | 30945/17-18, 9 മാസം | 2017/72953, 328330 രൂ | നമ്പർ ഇല്ല, 23.08.2017, (site hand over തിയ്യതി 31.8.17) | 134/16-17, 4.8.18, 293076 രൂ | പി.എ.സി തുകയുടെ 1 ശതമാനം, 3283 രൂ |
| 7. | 120/19, പൊയിൽപീടിക പടിഞ്ഞാറെമുക്ക് റോഡ് ശേഷിക്കുന്ന ഭാഗം ടാറിങ് | 318406 രൂ, CB1/18-19, 25.5.18, 37964 രൂ. CB23/18-19, 15.1.19, 280442 രൂ | 87857/17-18, 6 മാസം | 2017/88245, 459251 രൂ | 25/17-18, 21.12.17 | 88/17-18, 29.09.2018, 411006.31 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 13774 രൂ |

| | | | | | | | |
|---|---|---|---|---|---|---|---|
| 8. | 138/19, കൈതോക്കുന്ന് കുടിവെള്ള പദ്ധതി | 25000 രൂ, CB17/18-19, തീയതി 30.11.18 | 75318/17-18, 6 മാസം | 2017/123776, 40619 രൂ | 22/17-18, 11.10.17 | 90/17-18, 11.9.2018, 26210 രൂ | പി.എ.സി തുകയു ടെ 3 ശതമാനം, 1219 രൂ |
| | | | | | | | 65028രൂ |

2018-19 വർഷത്തെ എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും നിർവ്വഹണം നടത്തിയത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. കരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടി പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാർക്ക് ബാധ്യതയുണ്ട്. കൂടാതെ ഈ ഉടമ്പടികളിൽ, പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി എഗ്രിമെന്റ് തീയതി മുതൽ ആരംഭിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ കേസുകളിലെല്ലാം തന്നെ ടി.എസ് ലഭിച്ച എസ്റ്റിമേറ്റിൽ പരാമർശിച്ച കാലയളവിലും അധികരിച്ചാണ് പ്രവൃത്തികൾ പൂർത്തിയാക്കിയത്. പ്രവൃത്തികളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ 1.02.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ദീർഘിപ്പിക്കുന്നത്, ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലധികം അധികരിക്കാവതല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നല്കിയത്.സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരിൽ നിന്നും 65028 രൂ പിഴ, ഈടാക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഈ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

(II) താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തി 2018-19 വർഷത്തിൽ സ്പിൽ ഓവർ ആയാണ് പൂർത്തീകരിച്ചത്. 2017-18 വർഷത്തിലും 2018-19 വർഷത്തിലും ഇത് ഏകവർഷ പ്രോജക്ടായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതല്ലാതെ കരാറിലോ, ടി.എസ് രേഖകളിലോ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. കരാർ വെച്ചിരിക്കുന്നത് 2017-18 വർഷത്തിലാണ്. ഏകവർഷ പ്രോജക്ട് ആയതിനാൽ 31.03.2018 തീയതിയിൽ ആയിരുന്നു പൂർത്തിയാക്കേണ്ടിയിരുന്നത്.2018-19 വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പാക്കേണ്ടി വന്നത് എന്തുകൊണ്ടാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാലും 1.02.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശം താഴെപ്പറയുന്നു.

| ക്രമ നം | പ്രോജക്റ്റ് | പ്രോജക്റ്റ് നമ്പർ (2017-18) | പ്രോജക്റ്റ് നമ്പർ (2018-19) | ടി.എസ് നമ്പർ, പി.എ.സി തുക (രൂ) | എഗ്രിമെന്റ് നമ്പർ , തീയതി | എം.ബുക്ക് നമ്പർ, പൂർത്തീകരിച്ച പ്രവൃത്തി മൂല്യം (രൂ) | എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|---|
| 1. | എം.ആർ.റോഡ്-വെള്ളികുളങ്ങര ക്രാഷ് റോഡ് റീടാറിങ് ആൻഡ് പാച്ച് വർക്ക്. | 53/18 | 127/19 | 30926/17-18, 558915 രൂ | 9/17-18, 23.8.17 | 122/16-17, 91/17-18, 556955 രൂ | 23.10.2018 |

അപാകത വിശദീകരിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി വ്യക്തമാക്കാതെ പൊതുമരാമത്ത് പ്രവൃത്തി കരാറുകാർക്ക് ഏല്പിച്ചുകൊടുക്കുന്നത് പഞ്ചായത്തിലെ പൊതുമരാമത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. 556955 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-13 പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അനധികൃതമായി ജി.എസ്.ടി കോമ്പൻസേഷൻ നല്കി

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് ആകെ പ്രവൃത്തി മൂല്യത്തിന്റെ 3 ശതമാനം നിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| (i) പ്രോജക്റ്റ് നമ്പർ | 67/19 |
| പ്രോജക്റ്റ് | ഒഞ്ചിയം വെള്ളികുളങ്ങര PWD റോഡ് കെ.പി.ആർ റോഡ്-താഴെ പുതിയോട്ടിൽ റോഡ് റീടാറിങ്. വാർഡ് 2 |
| ചെലവഴിച്ച തുക | 63000 രൂ |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി | CB-6/18-19 തിയ്യതി 29.9.18 |

| | |
|---|---|
| ടി,എസ് നമ്പർ , തുക | 36183/2018-19 , 315000 രൂ |
| എം.ബുക്ക് നമ്പർ | 122/17-18 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 294859.22 രൂ |
| അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ | 8855 രൂ |

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു. അടങ്കൽ തുകയിൽ വ്യത്യാസം വരാതെയാണ് എസ്റ്റിമേറ്റ് പുതുക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തി | അളവ് | നിരക്ക് | അടങ്കൽ തുക (രൂ) |
|---|---|---|---|---|---|
| 1. | 75.5.5.A.1.pb | Modified penetration macadem | 79.86 എം$^2$ | 238.74 രൂ/എം$^2$ | 19066 |
| 2. | 75.5.5.B.2.pb | Modified penetration macadem | 56.13 എം$^2$ | 311.57 രൂ/എം$^2$ | 17488 |
| 3. | 75.5.2.1.pb | Tack Coat | 344.87 എം$^2$ | 10.71 രൂ/എം$^2$ | 3694 |
| 4. | 75.5.9.2.2.Pa | 20 m.m premix carpet work | 344.87 എം$^2$ | 144.19 രൂ/എം2 | 49727 |
| 5. | 75.5.12.A.3.2.pb | Seal Coat | 344.87 എം$^2$ | 60.25 രൂ/എം$^2$ | 20778 |
| 6. | Od 99076/18-19 | Providing Concrete | 26.005 എം$^3$ | 6961.14രൂ/എം$^3$ | 181024 രൂ |

| | | | | | |
|---|---|---|---|---|---|
| E 1 | | Preparation of embankment | 151.1 എം$^2$ | 26.94 രൂ/എം$^2$ | 4071 |
| E 2 | | Filling with quarry muck | 22.665 എം$^3$ | 844.87 രൂ/എം$^3$ | 19149 |

ആകെ 314997 രൂ

(L.S അടക്കം) 315000 രൂ

(ii)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 61/19 |
| പ്രോജക്റ്റ് | വൈദ്യർമുക്ക് സ്വാമിമഠം റോഡ് റീടാറിങ്-വാർഡ് 11 |
| ചെലവഴിച്ച തുക | 124658 രൂ |
| ട്രഷറി ബിൽ നമ്പർ,തീയതി | CB4/18-19, തീയതി 29.9.18, തുക62000 രൂ<br>CB35/18-19, തീയതി 22.3.19, തുക 62658 രൂ |
| ടി.എസ് നമ്പർ, തീയതി ,തുക | 26735/18-19 , 310000 രൂ |
| എം.ബുക്ക് നമ്പർ | 100/17-18 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 121026.96 രൂ (ഒന്നാം പാർട്ട് ബിൽ) |
| അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ (3 ശതമാനം നിരക്കിൽ) | 3630.8 |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തി | അളവ് | നിരക്ക് | അടങ്കൽ തുക (രൂ) |
|---|---|---|---|---|---|
| 1. | 11.1.1.1 | Excavation of structures | 10.094 എം$^3$ | 467.48 രൂ/എം$^3$ | 4718.74 |
| 2. | 11.4.1.1 | Providing concrete 1:3:6 | 1.47 എം$^3$ | 6687.84 | 9831.12 |

| | | | | | |
|---|---|---|---|---|---|
| | | | | രൂ/എം$^3$ | |
| 3. | 12.5.1.1 | Plain/ reinforced concrete 1:2.5:5 | 3.43 എം$^3$ | 6946.75 രൂ/എം$^3$ | 23827.35 |
| 4. | 13.1.2 | Providing and laying reinforced concrete | 1.638 എം$^3$ | 9205.1 രൂ/എം$^3$ | 15077.95 |
| 5. | 12.7 | Supplying and fitting TMT bar | .164 ടൺ | 65352.2 രൂ/ടൺ | 10717.76 |
| 6. | 13.1.1.1 | Providing and laying cement concrete | .325 എം$^3$ | 8676.6 രൂ/എം$^3$ | 2819.9 |
| 7. | 75.5.5.A.1pb | Modifiied penetration macadem | 54 എം$^2$ | 238.74 രൂ/എം$^2$ | 12891.96 |
| 8. | 75.5.2.1.pb | Tack Coat | 540 എം$^2$ | 10.71 രൂ/എം$^2$ | 5783.4 |
| 9. | 75.5.11.1.A.2.pb | MSS | 540 എം$^2$ | 189.54 രൂ/എം$^2$ | 102351.6 |
| 10. | Od40343/2018-19 | Providing concrete | 16.2 എം$^3$ | 6961.14 രൂ/എം$^3$ | 112770.47 |
| 11. | | LS | | | 9210 |

ആകെ 310000 രൂ

1.11.2017 തീയതിയിലെ സ.ഉ(അച്ചടി)87/2017 തസ്വഭവ പ്രകാരം ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ടി ഇനങ്ങളിൽ ഏറ്റവും അടങ്കൽ വരുന്ന ഇനത്തിന്റെ ജി.എസ്.ടി കോമ്പൻസേഷൻ ആണ് നൽകേണ്ടത്. ഇതേ ഉത്തരവ് പ്രകാരം സിമന്റ്

കോൺക്രീറ്റ് പ്രവൃത്തികൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ നൽകേണ്ടതില്ല (0%) മേൽ പരാമർശിച്ച 2 പ്രവൃത്തികളിലും സിമന്റ് കോൺക്രീറ്റ് പ്രവൃത്തികൾക്കാണ് മറ്റ് പ്രവൃത്തികളുടെ മൊത്തം അടങ്കലിനേക്കാൾ കൂടുതൽ അടങ്കൽ എന്നു കാണാവുന്നതാണ്. ഇത്തരം പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദനീയമല്ല. 12486 രൂ പയുടെ ചെലവ് (8855+3630.8) തടസ്സത്തിൽ വെക്കുന്നു. തുടർന്നു നല്കുന്ന ബില്ലുകളിൽ ഈ തുക അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

## 1-14 തെരുവ് വിളക്കുകൾക്ക് സ്ഥാപിക്കൽ . അപാകതകൾ

പ്രൊജക്ട്നം 54/18-19

ബിൽനം/തുക 25/18-19/25-3-19.200000

തനത്ഫണ്ട്ചെക്ക്നം /തുക 2060047/28-3-19.2500.

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ അഴിയൂർ, മുട്ടുങ്ങൽ എന്നീ സെക്ഷനുകളുടെ കീഴിൽ വരുന്ന വിവിധ വാർഡുകളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് 1500 എൽ.ഇ.ഡി ബൾബുകൾ ഇൻവോയിസ് നം.581/22-3-19, 483/21-2-19 പ്രകാരം കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. മെമ്പർമാർ ഹാജരാക്കിയ സാക്ഷ്യപത്രത്തിൽ മൂന് വാർഡുകളിൽ ഒഴികെയുള്ളവയിൽ നിലവിൽ വിളക്കുകളുടെ അവസ്ഥയോ, ഏതൊക്കെ പോസ്റ്റിൽ ഇവ സ്ഥാപിച്ചു എന്നതിനെകുറിച്ചോ പ്രതിപാദിക്കുന്നില്ല. തെരുവുവിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ പഞ്ചായത്തിൽ എത്ര തെരുവുവിളക്ക് പ്രവർത്തനക്ഷമമാണെന്ന് വ്യക്തമല്ല. ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിലും ഇവയുടെ പ്രവർത്തനത്തെകുറിച്ച് വിലയിരുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മറുപടിലഭ്യമാക്കേണ്ടതാണ്

## 1-15 പ്രോജക്ടുകൾ നടപ്പായില്ല - പദ്ധതിപ്പണം പാഴായി

2018-19 വർഷത്തിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫണ്ട് തിരിച്ചുള്ള ചെലവും ചെലവ് ശതമാനവും താഴെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് | വകയിരുത്തിയ തുക (രൂ) | ചെലവഴിച്ച തുക (രൂ) | വകയിരുത്തൽ പാഴായത് (രൂ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1. | വികസനം (പൊതുവിഭാഗം) | 547000 | 28807 | 518193 | 5.26 |
| 4. | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7790035 | 3469602 | 4320433 | 44.53 |

| | | | | | |
|---|---|---|---|---|---|
| 5. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 6542615 | 4221535 | 2321080 | 64.52 |
| 6. | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 2553000 | 0 | 2553000 | 0 |

പാഴായ തുക വകയിരുത്തൽ ആകെ തുക : 9712706 രൂ

പരിശോധനയിൽ കണ്ട പൊതുവായ ചില വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

(i) ആകെ തുക വകയിരുത്തിയ 73 പ്രോജക്ടുകളിൽ 43 എണ്ണമാണ് നടപ്പായത്. ആകെ 18716650 രൂ തുക വകയിരുത്തിയതിൽ 7719944 രൂ മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. അതായത് ആകെ ചെലവ് ശതമാനം 41.24 ശതമാനം മാത്രമാണ്. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഭാഗത്തിൽ വകയിരുത്തിയ മുഴുവൻ തുകയും പാഴായി. പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റിക്ക് ഈ വിഷയത്തിൽ ക്രിയാത്മകമായ മേൽനോട്ടം വഹിക്കാൻ സാധിച്ചിട്ടില്ല. 17.3.2018, 31.10.2018, 6.12.2018, 15.12.2018 എന്നീ തിയ്യതികളിലാണ് പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് യോഗം ചേർന്നത്. ഇതിലൊന്നും പ്രോജക്ടുകൾ നടപ്പാകാതെ പോകുന്നത് ചർച്ചാ വിഷയമായിട്ടില്ല. വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിലും തുക വകയിരുത്തിയ പ്രോജക്ടുകൾ നടപ്പാകാതെ പോകുന്നതും, വിവിധ ഫണ്ടുകളുടെ ചെലവ് ശതമാനം കുറയുന്നതും ചർച്ച ചെയ്ത് പരിഹാര നടപടികൾ നിർദ്ദേശിച്ചതായി കാണുന്നില്ല.

(ii) പൂർത്തീകരിച്ച പൊതുമരാമത്ത് പ്രോജക്ടുകളുടെ കാര്യത്തിൽ 29.01.2018 തീയതിയിലെ സ.ഉ.(കൈ)11/2018/തസ്വഭവ ഖണ്ഡിക 11.4 പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കി സൂക്ഷിക്കുന്നതായി കാണുന്നില്ല. കൂടാതെ ഇതേ ഉത്തരവ് ഖണ്ഡിക 13.1 പ്രകാരമുള്ള പ്രോജക്ട് മോണിറ്ററിങ് ചുമതല പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് നിർവ്വഹിച്ചതായി കാണുന്നില്ല. വർക്കിങ് ഗ്രൂപ്പ് മിനുടസ് പരിശോധിച്ചെങ്കിലും പ്രോജക്ട് മോണിറ്ററിങ് ചർച്ചകൾ നടക്കുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല. വർക്കിങ് ഗ്രൂപ്പിന്റെ പ്രോജക്ട് മോണിറ്ററിങ് റിപ്പോർട്ടുകൾ അതാത് പൊതുമരാമത്ത് ഫയലുകളിലൊന്നും സൂക്ഷിച്ചിട്ടില്ല.

(iii) അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

(iv) 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതായ റോഡ് കണക്ടിവിറ്റി മാപ്പ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

(v) 2018-19 വർഷത്തെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ആസ്തി രജിസ്റ്റർ പുതുക്കിയത് പരിശോധനക്ക് ലഭിച്ചിട്ടില്ല.

(vi) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഭാഗത്തിൽ വകയിരുത്തിയ മുഴുവൻ തുകയും പാഴായി.

ഈ വിഭാഗത്തിൽ തുക വകയിരുത്തിയിരുന്ന അടിയന്തിര സ്വഭാവമുള്ള ധാരാളം പ്രോജക്ടുകൾ ഉള്ളതായി കണ്ടു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്ര. നം | പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക (രൂ) |
|---|---|---|---|
| 1. | 135/19 | ആയുർവ്വേദ ആശുപത്രിക്ക് അറ്റകുറ്റപ്പണി (കിണർ) | 100000 |
| 2. | 136/19 | പ്രൈമറി ഹെൽത്ത് സെന്ററിന് അറ്റകുറ്റപ്പണി | 150000 |
| 3. | 139/19 | വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ | 700000 |
| 4. | 91/19 | വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ | 603000 |

എന്നാൽ ഈ വിഷയങ്ങളൊന്നും തന്നെ പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ്, വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റി എന്നിവ ചർച്ച ചെയ്തിട്ടില്ല.

(vii) പൊതുമരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്തുന്നതിന് പകരം അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ മുഴുവൻ പ്രവൃത്തികളും നേരിട്ട് ഏല്പിക്കുന്ന രീതിയാണ് പഞ്ചായത്തിൽ അനുവർത്തിച്ചു വരുന്നത്. ഇത്തരത്തിൽ നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ സൊസൈറ്റിയെ തെരഞ്ഞെടുത്ത്കൊണ്ടുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനം പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

കരാറുകാരുമായി ചമക്കുന്ന കരാറുകളിലൊന്നും തന്നെ പൊതുമരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വ്യക്തമാക്കുന്നില്ല. കരാർ വെക്കുന്നതിനുള്ള നിയമപരമായ ബാധ്യതയും സമയപരിധിയും വ്യക്തമാക്കികൊണ്ട് തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-16 പരിധിയിൽ കവിഞ്ഞ് വക്കീൽ ഫീസ് നൽകുന്നതിന് അനുമതി വാങ്ങിയില്ല

ജി.ഒ.(എം.എസ്.)36/2016/ത.സ്വ.ഭ.വ./18.2.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേസ് ഒന്നിന് 15,000/-രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിനും, 50000/-രൂപ വരെ വകുപ്പ് അദ്ധ്യക്ഷൻമാരുടെ അനുമതിക്ക് വിധേയമായി ചെലവഴിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം WP(C)31589/2017 നമ്പർ കേസിനായി ഹൈക്കോടതിയിൽ ഹാജരാകുന്നതിന് അഡ്വക്കറ്റായ യു.പി.ബാലകൃഷണന് വൗച്ചർ നം.21800224/03.07.2018 പ്രകാരം 18,000/-രൂപ ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവു പ്രകാരം, വക്കീൽ ഫീസായി 15,000/-രൂപയിൽ കൂടുതൽ ചെലവഴിക്കുന്നതിന് വകുപ്പ് അദ്ധ്യക്ഷന്റെ അനുമതി ആവശ്യമാണ്. അനുമതിയില്ലാതെ ചെലവഴിച്ച അധിക തുകയായ 3000/-

രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-17 ലാപ്പ്ടോപ്പ് വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല

പ്രൊജക്ട് നം 8 /18-19

ബിൽനം/തുക- -1/18-19/28-12-18/149450

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 2018-19സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിക്കൾക്ക് 5 ലാപ്ടോപ്പ് ടെണ്ടർ നടപടിപ്രകാരം വാങ്ങിയിട്ടുണ്ട്. ബിസയർ പവർ സൊല്യൂഷൻ എന്ന സ്ഥാപനത്തെയാണ് ഇവ വിതരണം ചെയ്യാൻ വേണ്ടി തിരെഞ്ഞെടുത്തത്. സ.ഉ(എം.എസ്സ്.നം24/2017/ഐ.ടി.ഡി തീയതി. 18-11-17 പ്രകാരം കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേന്ദ്രീകൃതമായി വാങ്ങുന്നതിനുള്ള ഓൺലൈൻ പോർട്ടർ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഇ-ടെണ്ടർ മുഖേനയുള്ള വാങ്ങലിനായി നിരക്കുകൾ രൂപീകരിക്കുന്നതിനും കേന്ദ്രീകൃതവാങ്ങൽ സമ്പ്രദായത്തിനായുള്ള ഏജൻസിയായും കെൽട്രോണിനെ നിയോഗിച്ചിട്ടുണ്ട്. (സ.ഉ.ആർ.ടി.നം 24/2017/ഐ.ടി.ഡി. തീയതി. 1-2-18). ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഇത്തരമൊരു നടപടിക്രമം പാലിച്ചിട്ടില്ല എന്നു കാണുന്നു. ബന്ധപ്പെട്ട സ്റ്റാന്റിംങ് കമ്മിറ്റി പ്രസ്തുത വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

# 1-18 തെരുവ് വിളക്കുകൾക്ക് മീറ്റർസ്ഥാപിക്കൽ.

## അപാകതകൾ

പ്രൊജക്ട്നം 47/18-19

ബിൽനം/തുക 3/18-19/29-12-18 .776936

14/18-19/18.1.19 .144027 തനത്ഫണ്ട് ചെക്ക്നം/തുക - 2060049/30/3/19.106133

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ അഴിയൂർ, മുട്ടുങ്ങൽ എന്നീ സെക്ഷനുകളുടെ കീഴിൽ വരുന്ന വിവിധ സ്ഥലങ്ങളിൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം കെ.എസ്സ്.ഇ.ബിയ്ക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് സെക്രട്ടറി 8/11/19ൽ കെ എസ്സ്.ഇ.ബി യ്ക്ക് കത്ത് അയച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരമറിയിക്കേണ്ടതാണ്

# 1-19 അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ് -

## പരിഹാര നടപടികൾ കാര്യക്ഷമമാക്കണം

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ

മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 12.13.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഷയം | അങ്കണവാടികളുടെ എണ്ണം |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 27 |
| സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 18 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 3 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 12 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 5 |

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം 1009 ആണ്. 27 അങ്കണവാടികളിൽ 285 കുട്ടികൾ ഹാജരാകുന്നുണ്ട്. 22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. കുടിവെള്ള സൗകര്യം, വൈദ്യുതി കണക്ഷൻ, സ്വന്തമായി കെട്ടിടം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തലങ്ങളിൽ സ്വീകരിച്ചതായി കാണുന്നില്ല.

## 1-20 ശുചിത്വമാലിന്യസംസ്കരണം -പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 2018-19ൽ താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ വേണ്ടി അംഗീകാരം ലഭിച്ചിരുന്നു.

| പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|
| 1.സുസ്ഥിരശുചിത്വപദ്ധതി(വാഹനവാടക) | 110000 |
| 2.പോർട്ടബിൾ ബയോകമ്പോസ്റ്റർ ബിൻ - | 406800 |
| 3.റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ് | 170000 |
| 4.ബയോഗ്യാസ് | 210000 |

ശുചിത്വ മാലിന്യസംസ്കരണത്തിന്റെ ഭാഗമായുള്ള മേൽ പ്രോജക്ടുകൾ 2018-19 വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ഭാഗമായി മാലിന്യം ശേഖരിച്ച് നിലവിലുള്ള എം.സി.എഫ് കേന്ദ്രത്തിൽ എത്തിക്കുന്ന പ്രവൃത്തി നടക്കുന്നുണ്ടെങ്കിലും നവകേരളമിഷന്റെ ഭാഗമായുള്ള ഗാർഹിക/സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ ഉൽപ്പാദകന്റെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്ന രീതി എന്നരീതിയിൽ പ്രോജക്ടുകൾ രൂപീകരിച്ചെങ്കിലും അവ ലക്ഷ്യത്തിലെത്തിക്കുന്നതിൽ പഞ്ചായത്ത് വിജയം കൈവരിച്ചിട്ടില്ല. നവകേരളമിഷന്റെ ഭാഗമായുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

## നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 പൊതുമരാമത്ത് പ്രവൃത്തിയിൽ കരാർ വെച്ചതിൽ കാലതാമസം

2018-19 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. രണ്ട് പ്രവൃത്തികളിലും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് (ULCC) കരാറുകാർ.

| | |
|---|---|
| (i) പ്രോജക്ട് നമ്പർ | 98/19 |
| പ്രോജക്ട് | എം.പി റോഡ് മുതൽ ചെറുവറ്റത്ത്കണ്ടി താഴ വരെ ടാറിങ്. |
| ചെലവഴിച്ച തുക | 60000 രൂ |
| ട്രഷറി ബിൽ നമ്പർ, തീയതി | CB 13/18-19 തീയതി 29.9.18 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ടി.എസ് നമ്പർ, തീയതി | 69357/2018-19 , 12.7.2018 |
| എഗ്രിമെന്റ് നമ്പർ, തീയതി | നമ്പർ ഇല്ല , തിയ്യതി 16.02.2019 |
| പി.എ.സി തുക | 298297 രൂ |
| എം.ബുക്ക് നമ്പർ | 26/19-20 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 15.06.2019 |
| (ii) പ്രോജക്ട് നമ്പർ | 109/19 |
| പ്രോജക്ട് | പി.പി.ന്റവിട ഫുട്പാത്ത് മെയിന്റനൻസ് |
| ചെലവഴിച്ച തുക | 2018-19 വർഷത്തിൽ ചെലവില്ല |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ടി.എസ് നമ്പർ, തീയതി | 64932/18-19 , തീയതി 5.7.18 |
| എഗ്രിമെന്റ് നമ്പർ, തീയതി | 41/18-19 തീയതി 16.2.19 |
| പി.എ.സി തുക | 297248 രൂ |

എഗ്രിമെന്റ് വെക്കാൻ വൈകിയതിനാൽ മേൽ പ്രവൃത്തികൾ 2018-19 വർഷത്തിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. വളരെ നേരത്തെ ടി.എസ് ലഭിച്ചിട്ടും പ്രവൃത്തി കരാർ വെച്ച് ഏല്പിക്കാതിരുന്നത് വിശദീകരിക്കേണ്ടതാണ്.രണ്ട് പ്രവൃത്തികളിലും കരാർ വെക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഏജൻസിയായ യു.എൽ.സി.സിക്ക് കത്ത് നല്കിയതായി കാണുന്നില്ല. 1.2.2012തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ

സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് അയക്കേണ്ടതുണ്ട്. ഈ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ ശേഷം 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ നിർദ്ദേശിക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1 % പിഴ ഈടാക്കിയാണ് കരാർ വെക്കേണ്ടത്. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. തുടർന്ന് ഇതേ സെക്ഷനിൽ പറയുന്ന മറ്റു നടപടി ക്രമങ്ങളും പാലിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരം നടപടിക്രമങ്ങളൊന്നും പാലിക്കാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെ തന്നെ പ്രവൃത്തി ഏല്പിച്ചതായാണ് കാണുന്നത്. കരാറിൽ ഏർപ്പെടുവാനുള്ള നിയമപരമായ ബാധ്യതയും സമയപരിധിയും അറിയിച്ചുകൊണ്ട് കരാറുകാർക്ക് കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നത് പഞ്ചായത്തിലെ എഞ്ചിനീയറിങ് വിഭാഗത്തിനുണ്ടായ വീഴ്ചയാണ്. അപാകത വിശദീകരിക്കേണ്ടതാണ്.

കരാർ വെക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന് കരാറുകാരിൽ നിന്നും ഈടാക്കേണ്ടതായ പിഴ 5955 രൂ (പ്രവൃത്തിയുടെ ക്രമനമ്പർ (i) ൽ 2983 രൂ , ക്രമനമ്പർ (ii) ൽ 2972 രൂ ) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരണം വൈകിയെങ്കിലും കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

(I)

2018-19 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട് | ചെലവഴിച്ച തുക (രൂ), ട്രഷറി ബിൽ നമ്പർ, തീയതി | ടി.എസ് നമ്പർ, ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എസ്റ്റിമേറ്റ് നമ്പർ, പി.എ.സി തുക (രൂ) | എഗ്രിമെന്റ് നമ്പർ, തീയതി | എം.ബുക്ക് നമ്പർ , എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി, പൂർത്തീകരിച്ച പ്രവൃത്തി മൂല്യം (രൂ) | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|
| 1. | 142/19, വട്ടപ്പറമ്പത്ത് മുക്ക് മുതൽ ചോനോർ | 280000 രൂ, CB 45/18-19, തീയതി | 101911/ 17-18, 3 മാസം. | 2018/5009, 279694 രൂ | നമ്പർ ഇല്ല, 20.03.2018 | 103/17-18, 22.02.2019, 280000 രൂ | പി.എ.സി തുകയുടെ3 ശതമാനം, 8391 രൂ |

| | | | | | | | |
|---|---|---|---|---|---|---|---|
| | കണ്ടിമുക്ക് റോഡ് ടാറിങ്. | 25.3.19. | | | | | |
| 2. | 133/19, മാളിയേക്കൽ കോളനി ഫുട്പാത്ത്. | 248533 രൂ, CB55/18-19, തീയതി 22.03.19 | 22813/ 17-18, 9 മാസം | 2017/ 73426, 362399 രൂ | 7/17-18, 21.07.2017 | 127/17-18, 23.03.2019, 320983 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 10872 രൂ |
| 3. | 129/19,മീത്തലെ മുക്കാളി- കെ.പി.ആർ റോഡ് പാച്ച് വർക്ക് | 204732 രൂ, CB16/18-19, തീയതി 27.11.18, തുക 188186 രൂ. CB32/18-19, തീയതി 12.02.19, തുക 16546 രൂ | 30933/ 17-18, 6 മാസം | 2017/ 89387, 371722 രൂ | 11/17-18, 23.08.17 | 86/17-18, 3.11.2018, 217522.16 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 11152 രൂ |
| 4. | 131/19, മടപ്പള്ളി ഹൈസ്കൂൾ - പുളിയേരിന്റവിട ലക്ഷംവീട് ആശാരിക്കണ്ടി റോഡ് ടാറിങ് | 221267 രൂ, CB31/18-19, 15.01.2019 | 24759/ 17-18, 6 മാസം | 2017/ 75664, 266812 രൂ | 5/17-18, 21.7.2017 | 119/17-18, 29.12.18, 221267 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 8004 രൂ |
| 5. | 130/19, തിരുവാതിര | 20196 രൂ, CB19/18-19, | 22785/ 17-18, | 2017/ 87922, | 4/16-17, 21.7.17 | 85/17-18, 19.9.2018, | പി.എ.സി തുകയുടെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുനിറോഡ് ടാറിങ് | 15.1.2019 | 6 മാസം | 277771 രൂ | | 280000 രൂ | 3 ശതമാനം, 8333 രൂ |
| 6. | 132/19,ഡിസ് പെൻസറി റോഡ് ബാക്കി ഭാഗം ടാറിങ് | 1628രൂ, CB33/18-19, 12.2.2019 | 30945/ 17-18, 9 മാസം | 2017/ 72953, 328330 രൂ | നമ്പർ ഇല്ല, 23.08.2017, (site hand over തീയതി 31.8.17) | 134/16-17, 4.8.18, 293076 രൂ | പി.എ.സി തുകയുടെ 1 ശതമാനം, 3283 രൂ |
| 7. | 120/19,പൊയിൽ പീടിക പടിഞ്ഞാറെ മുക്ക് റോഡ് ശേഷിക്കുന്ന ഭാഗം ടാറിങ് | 318406രൂ, CB1/18-19, 25.5.18, 37964 രൂ. CB23/18-19, 15.1.19, 280442 രൂ | 87857/ 17-18, 6 മാസം | 2017/ 88245, 459251 രൂ | 25/17-18, 21.12.17 | 88/17-18, 29.09.2018, 411006.31 രൂ | പി.എ.സി തുകയുടെ 3 ശതമാനം, 13774 രൂ |
| 8. | 138/19,കൈതോക്കുന്ന് കുടിവെള്ള പദ്ധതി | 25000 രൂ, CB17/18-19, തീയതി 30.11.18 | 75318/ 17-18, 6 മാസം | 2017/ 123776, 40619 രൂ | 22/17-18, 11.10.17 | 90/17-18, 11.9.2018, 26210 രൂ | പി.എ.സി തുകയു ടെ 3 ശതമാനം, 1219 രൂ |

ആകെ : 65028 രൂ

2018-19 വർഷത്തെ എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും നിർവ്വഹണം നടത്തിയത് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. കരാറുകാരുമായി വെച്ചിരിക്കുന്ന ഉടമ്പടി പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാർക്ക് ബാധ്യതയുണ്ട്. കൂടാതെ ഈ ഉടമ്പടികളിൽ, പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി എഗ്രിമെന്റ് തീയതി മുതൽ ആരംഭിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ കേസുകളിലെല്ലാം തന്നെ ടി.എസ് ലഭിച്ച എസ്റ്റിമേറ്റിൽ

പരാമർശിച്ച കാലയളവിലും അധികരിച്ചാണ് പ്രവൃത്തികൾ പൂർത്തിയാക്കിയത്. പ്രവൃത്തികളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ 1.02.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ദീർഘിപ്പിക്കുന്നത്, ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലധികം അധികരിക്കാവതല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നല്കിയത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരിൽ നിന്നും 65028രൂ പിഴ, ഈടാക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് . ഈ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 - 16.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(51) തീയതി:30.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| **വിഹിതം നൽകിയ സ്ഥാപനം** | **തുക ലഭിച്ച വർഷം** | **ലഭിച്ച തുക** | **പ്രൊജക്ടിന്റെ പേര്** | **ചെലവ്** | **ബാലൻസ്** |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,14,743 | ലൈഫ് മിഷൻ ഭവനം | 3,53,365 | 61,378 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,24,800 | 200 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,20,000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 1,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,50,000 | വനിതാക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 2,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,20,100 | ലൈഫ് മിഷൻ ഭവനം | 2,20,100 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,17,800 | 57,200 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| **നിർവണ ഏജൻസി** | **പ്രവൃത്തിയുടെ പേര്** | **വൗച്ചർ നമ്പർ/ ചെക്ക് നം.** | **മുൻകൂർ നൽകിയ തുക** | **ചെലവഴിച്ച തുക** | **ചെലവഴിക്കാൻ ബാക്കിയുള്ള തുക** |
|---|---|---|---|---|---|
| **കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്** | **തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ** | **വൗച്ചർ നം.21800726 തീ-20.12.2018** | **776936** | **0** | **776936** |
| | | **വൗച്ചർ നം.21800971 തീ-11.01.2019** | **144027** | **0** | **144027** |
| | | **ചെക്ക് നം.21800726 തീ-20.12.2018** | **106133** | **0** | **106133** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2001-2002 | 11.9 | കാർഷികോപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും ക്രമക്കേടും ധനനഷ്ടവും | സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ലാത്തതിനാൽ നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2000-01 | 1-3 | 2004-05 | 11.1.2.3 | ബജറ്റ് പാസ്സാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.3.25 | നികുതിപിരിവിൽ അലംഭാവം കുടിശ്ശിക പെരുകുന്നു. | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.3.46 | നികുതിപിരിവിൽ അലംഭാവം കുടിശ്ശിക പെരുകുന്നു | ലഭ്യമല്ല |
| 2001-02 | 1-1 | 2004-05 | 11.1.2.4 | ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. | ലഭ്യമല്ല |
| 2001-02 | 4 | 2003-04 | 11.13.1.27 | കുട നിർമ്മാണ പരിശീലനം | ലഭ്യമല്ല |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,79,81,046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,56,13,096 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70983 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,69,441 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,955 | സിമി ഭാസ്കർ,<br>അസി എഞ്ചിനീയർ |
| 3-2 | | 65,028 | സുമിത കെ.ബി,<br>അസി എഞ്ചിനീയർ<br>സിമി ഭാസ്കർ,<br>അസി എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 5,56,955 | സിമി ഭാസ്കർ,അസി എഞ്ചിനീയർ |
| 1-13 | 12,486 | സിമി ഭാസ്കർ,അസി എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുമിത കെ.ബി, അസി എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | അംബർനാഥ് ചേവായൂർ, കോഴിക്കോട് |
| മി ഭാസ്കർ,സി അസി എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ അഴിയൂർ ഗ്രാമപഞ്ചായത്ത് | വയലിൽവീട്, ഗുരുപുരം, പുത്തൂർ (പി.ഒ) കാസർഗോഡ് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി5/1186/12 തീ.28/07/2012 | 22 | 2-1,2-2,2-3, 2-4, 2-5, 3-1,3-2, 3-3, 3-4, 3-5(a), 3-5(b), 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17 |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി11/ 951/14 തീ.10/10/14 | 7 | 2(2), 3(1), 3(8), 3(6)1, 2,3,3(7) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി5/ 137/14 തീയതി-6-3-14 | 14 | 2(4)(5), 3(1), 3(2), 3(6),<br>3(7), 3(8), 3(9), 3(10, 3(11), 3(12), 3(13), 3(14), 3(20) |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി5/ 1718/13 തീയതി-2-1-14 | 19 | 2-1, 2-2, 3-1, 3-2, 3-3,3-4,<br>3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16,<br>3-17, 3-18, 3-19 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1422/15 തീയതി 23.11.15 | 19 | 2-1, 3-1, 3-2, 3-3, 3-4,<br>3-5 , 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-19, 3-14, 3-15, 3-16, 4-3, 4-10 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1031/16 തീയതി 17.6.16 | 15 | 2-1, 2-2, 2-3, 3-1, 3-2,<br>3-3, 3-4, 3-6, 3-7,3-8, 3-10, 3-11 , 3-12, 3-13, 3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ | 23 | 2-1(1)(4)(9), 2-1, |

| | | | |
|---|---|---|---|
| | 2047/17 തീയതി 22.03.18 | | 2-3, 2-4,<br>2-5(5),2-5(6,7), 2-6, 2-7,3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-15,3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 397/19 തീയതി 30.03.19 | 18 | 1-12, 2-1, 2-2, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്.**

<u>അനുബന്ധം</u>

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.6/189/2020 തീയതി: 15.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഒഞ്ചിയം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്.**